# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8076 — 17.07.2014 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിലെ സൗജന്യ ഡയാലിസിസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" എം.പി. വിൻസെന്റ്<br>" കെ. ശിവദാസൻ നായർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് സെന്ററുകളിൽ സൗജന്യസേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) എറണാകുളം, കോഴിക്കോട്, ഇടുക്കി, മലപ്പുറം, കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ഡയാലിസിസ് സംവിധാനം ഉള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നത്. ഡയാലിസിസ് സംവിധാനമുള്ള മറ്റ് സർക്കാർ ആശുപത്രികളിൽ 300-500 രൂപവരെയാണ് ഡയാലിസിസിന് ചാർജ്ജായി ഈടാക്കുന്നത്. ഡയാലിസിസിന് ആവശ്യമായ രാസവസ്തുക്കൾ /മരുന്നുകൾ എന്നിവയുടെ വില പരിഗണിച്ച് നാമമാത്രമായ തുകയാണ് ഈടാക്കുന്നത്. മിഷൻ 676-ൽ ഉൾപ്പെടുത്തി 601 മുതൽ 676 ദിവസംവരെയുള്ള കർമ്മ പദ്ധതിയിൽ താലൂക്കാസ്ഥാന ആശുപത്രി വരെ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കാരുണ്യാ ബെനവലന്റ് ഫണ്ട്, മിഷൻ 676, പ്ലാൻ ഫണ്ട്, HMC, NRHM, RBSK എന്നീ പദ്ധതികൾ മുഖേന ഡയാലിസിസ് സേവനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) പൂർണ്ണമായും അണുവിമുക്തമായതും എയർ കണ്ടീഷൻ സംവിധാനം ഉള്ളതുമായ മുറികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടത്. സ്ഥിരമായ കറന്റ് ലഭ്യത ആവശ്യമായതിനാൽ |

| | |
|---|---|
| | ജനറേറ്റർ/യു.പി.എസ് സംവിധാനം അത്യാവശ്യമാണ്. സ്ഥിര ജലലഭ്യതയും ആർ.ഒ പ്ലാന്റ് സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സിയു സംവിധാനവും, ഓക്സിജൻ സപ്ലെയും അത്യാവശ്യമാണ്. ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുകയും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) ഡയാലിസിസ് പ്രവർത്തിക്കുവാൻ വേണ്ടിയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഇ) 5/2/2013-ലെ 114/13/നികതി നം സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നുമാണ് തുക വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ